**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2037** **02-02-2024 - ൽ മറുപടിയ്ക്ക്**

**അങ്കമാലി-ശബരി റെയിൽ പാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി-ശബരി റെയിൽ പാതയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | 1997-98 റെയിൽവേ ബജറ്റിലാണ് അങ്കമാലി-എരുമേലി-ശബരി പദ്ധതിക്ക് റെയിൽവേ ആദ്യം അനുമതി നൽകിയത്. പദ്ധതി ചിലവിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കുന്നതാണെന്നും G.O(Ms) No. 1/2021/Trans പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടിവിച്ചിരുന്നു. കെ.ആർ.ഡി.സി.എൽ റെയിൽവെക്കു സമർപ്പിച്ച മേൽപ്പറഞ്ഞ പ്രവൃത്തിയുടെ ഏറ്റവും പുതിയ പുതുക്കിയ എസ്റ്റിമേറ്റ് 3,810 കോടി രൂപയാണ്. പ്രസ്തുത എസ്റ്റിമേറ്റ് റെയിൽവേയ്ക്ക് സമർപ്പിച്ചപ്പോൾ, പുതുക്കിയ എസ്റ്റിമേറ്റ് തുകയനുസരിച്ച് പദ്ധതിയുടെ 50% സർക്കാർ പങ്കിടുന്നതിന് സംസ്ഥാന സർക്കാരിൽ നിന്നും സ്ഥിരീകരണം റെയിൽവേ ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് സർക്കാരിന്റെ പരിശോധനയിലാണ്.<br><br>നിലവിൽ പദ്ധതി മരവിപ്പിച്ചതിനാൽ മറ്റു പുരോഗതി ഒന്നും തന്നെ ഉണ്ടായിട്ടില്ല. പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് റെയിൽവേയുടെ ഭാഗത്തു നിന്നും തുടർ നടപടികൾ ഉണ്ടാകേണ്ടതുണ്ട്. |
| (ബി) | അങ്കമാലി-ശബരി റെയിൽ പാതയുടെ പുതുക്കിയ എസ്റ്റിമേറ്റിനൊപ്പം പ്രസ്തുത പദ്ധതിയുടെ ചെലവ് സംസ്ഥാനം പങ്കിടുമെന്ന് ഉറപ്പുനൽകുന്ന കത്ത് കേന്ദ്രത്തിന് കൈമാറിയിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ